പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

കോവിഡ് കാലത്തെ മൺസൂൺ നമുക്കെല്ലാം ആശങ്ക ഉണർത്തുന്നതാണ്. മെയ്/ജൂൺ മാസങ്ങളിലെ അപ്രതീക്ഷിത ടൗട്ടേ, വ്യാസ് ചുഴലിക്കാറ്റുകളും ന്യൂന മർദ്ദവും നമ്മുടെ നാട്ടിൽ അതിശക്തമായ മഴയ്ക്കും അനുബന്ധ ദുരന്തങ്ങൾക്കും കാരണമായി. അതോടൊപ്പം കോവിഡ് മഹാമാരിയുടെ രണ്ടാംവരവും ഒത്തു ചേർന്നപ്പോൾ ജനജീവിതം ഏറെ ദു:സ്സഹമായി. ദുരിതങ്ങൾ ഒന്നിനുപുറകേ ഒന്നായി നമ്മെ ഗ്രസിച്ചിരിക്കുന്ന സാഹചര്യത്തിൽ ദൈവാശ്രയബോധം നമുക്ക് മുറുകെ പിടിക്കാം. ഈ സാഹചര്യത്തിൽ കുട്ടനാടിന്റെ പശ്ചാത്തലവും കൂടി മന സിലാക്കി കൂടുതൽ കരുതലോടെ ആയിരിക്കുവാൻ ശ്രദ്ധിക്കണം. 2018 ലെ മഹാ പ്രളയത്തിൽ നിന്നും തുടർന്നുള്ള വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ നിന്നും പാഠം ഉൾകൊണ്ട് ചാസ് തുടക്കം കുറിച്ച ദുരന്ത ആഘാത ലഘൂകരണ പദ്ധതി ഈ സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗ മായി നാം രൂപംകൊടുത്ത കർമ്മസേനകളും സന്നദ്ധസേനകളും കർമ്മനിരത മാക്കേണ്ട കാലമാണിത്.

സംസ്ഥാനസർക്കാരിന്റെ ദുരന്തനിവാരണ വകുപ്പുമായി സഹകരിച്ച് മുൻക രുതലും രക്ഷാപ്രവർത്തനങ്ങളും പ്രാദേശികതലത്തിൽ ഏകോപിപ്പിക്കാനും നടപ്പിലാക്കാനും വരുത്തുവാനും നാം ഏറെ ശ്രദ്ധിക്കണം. അതിരൂപതയുടെ നേ തൃത്വത്തിൽ സംസ്ഥാന ദുരന്തനിവാരണ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിച്ച Zoom meet ൽ നിങ്ങളേവരും പങ്കെടുത്തുവെന്ന് കരുതുന്നു. 'ദുരന്ത നിവാരണ രീതികളും സർക്കാർ സംവിധാനങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ പ്രസ്തുത മീറ്റിംഗിൽ ഭാവിയിൽ എല്ലാവിധ സഹായസഹകരണങ്ങളും നല്കാമെന്ന് ദുരന്തനിവാരണ വകുപ്പ് മേധാവി ശ്രീ. ശേഖർ കുര്യാക്കോസ് ഉറപ്പ് നൽകിയിട്ടുണ്ട്. എല്ലാവരും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണ മെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ ഏഴരവർഷക്കാലം പ്രത്യേകിച്ച് കഴിഞ്ഞ പ്രളയനാളുകളിലും കോവിഡ് മഹാമാരികാലത്തും ചാസിന്റെ സാമൂഹ്യക്ഷേമ, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സജീവനേതൃത്വം നൽകിയ ബഹുമാനപ്പെട്ട കളരിക്കലച്ചൻ ചാസിന്റെ ഡയറക്ടർ സ്ഥാനത്തുനിന്നും വിരമിച്ച് വെട്ടിമുകൾ പള്ളി വികാരി യായി സ്ഥലംമാറിയവിവരം ഏവരും അറിഞ്ഞിരിക്കുമല്ലോ. പ്രതിസന്ധി കാല ഘട്ടങ്ങളിൽ ചാസിന്റെ പ്രവർത്തനങ്ങൾക്ക് ദിശാബോധവും മാനുഷിക മുഖവും നൽകിയ അദ്ദേഹത്തിന് എല്ലാവരുടെയും പേരിലുള്ള നന്ദിയും സ്നേഹവും കടപ്പാടും ഹൃദയപൂർവ്വം നേരുവാൻ ഈ അവസരം ഉപയോഗിക്കട്ടെ. എല്ലാവരു ടെയും നിർലോപമായ സഹായസഹകരണങ്ങൾ ചാസിന്റെ പ്രവർത്തനങ്ങൾക്ക് തുടർന്നും നൽകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### (1) ചാസ് ഭവനനിർമ്മാണ പദ്ധതി (2021 ജൂൺ)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| പുല്ലങ്ങടി | 1 | 1 | 75,000 |
| തൃക്കൊടിത്താനം | 1 | 1 | 1,50,000 |
| രാമങ്കരി | 1 | 1 | 50,000 |
| തടിയൂർ | 1 | 1 | 1,00,000 |
| വടക്കേഅമിച്ചകരി | 1 | 1 | 50,000 |
| മുട്ടാർ ഓൾഡ് | 1 | 1 | 75,000 |
| ആകെ | 6 | | 5,00,000 |

### (2) ചാസ് ശൗചാലയ നിർമ്മാണ പദ്ധതി (2021 ജൂൺ)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| വേഴപ്രാ | 1 | 1 | 30,000 |
| കായൽപുറം | 1 | 2 | 10,000 |
| ആകെ | 2 | | 40,000 |

## കേന്ദ്ര വാർത്തകൾ

### ടെലികൗൺസിലിങ്

ചാസ് ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി കോവിഡ് പ്രതിസന്ധികാലഘട്ടത്തിൽ ഏറെ ക്ലേശിക്കുന്ന കാൻസർ, കിഡ്നി രോഗികൾക്ക് ആത്മവിശ്വാസവും മനോധൈര്യവും നൽകുവാൻ ഉപകരിക്കുന്ന ടെലികൗൺസിലിങ് സൗകര്യം ഏർപ്പെടുത്തി. സ്ത്രീകൾക്ക് വനിതാ കൗൺസിലർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. 5 കൗൺസിലർമാരുടെ സേവനം ഈ കാലയളവിൽ ചാസ് ലഭ്യമാക്കിയിട്ടുണ്ട്. മെയ് മാസത്തിൽ നൂറിലധികം രോഗികൾ ചാസിന്റെ ടെലികൗൺസിലിങ് സേവനം പ്രയോജനപ്പെടുത്തി.

### കോവിഡ് പ്രതിരോധകിറ്റുകൾ വിതരണം ചെയ്തു

കേരളത്തിൽ ആഞ്ഞുവീശിയ കോവിഡ് 2–ാം തരംഗത്തിൽ ഏറെ ക്ലേശിച്ച നമ്മുടെ സഹോദരങ്ങൾക്ക് ആശ്വാസവുമായി ചാസ് കർമ്മനിരതമായി വീട്ടിലിരുന്ന് തന്നെ ശരീരത്തിലെ ഓക്സിജന്റെ അളവ്, പൾസ്, താപനില എന്നിവ സ്വയം പരിശോധിച്ച് രോഗനിർണ്ണയം നടത്തുന്നതിനും അതുവഴി ശരിയായ വിധത്തിലുള്ള ചികിത്സയും മുൻകരുതലും എടുക്കുന്നതിന് സാധാരണജനങ്ങളെ പ്രാപ്തരാക്കുന്ന കോവിഡ് പ്രതിരോധകിറ്റുകൾ കുറഞ്ഞനിരക്കിൽ ചാസ് ലഭ്യമാക്കി. പൾസ് ഓക്സിമീറ്റർ, തെർമോമീറ്റർ, N95 മാസ്കുകൾ, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, വേപ്പറൈസർ എന്നീ 6 ഇനങ്ങൾ അടങ്ങുന്ന കോവിഡ് പ്രതിരോധകിറ്റ് 1,300/- രൂപ നിരക്കിൽ വീടുകളിൽ എത്തിച്ചുകൊടുത്തു. ഇത്തരം 2000 ത്തിൽ പരം കിറ്റുകളാണ് ചാസിന്റെ പ്രാദേശിക യൂണിറ്റുകളുടേയും ഇടവകവികാരിമാരുടെയും സഹകരണത്തോടുകൂടി വിതരണം ചെയ്തത്. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി

### കോവിഡ് സഹായം-ഇടവകതലത്തിൽ

കോവിഡും മറ്റ് അനുബന്ധ ദുരിതസാഹചര്യങ്ങളിലും പെട്ട് ക്ലേശം അനുഭ

വിക്കുന്ന ഒട്ടനവധി ജനങ്ങൾക്ക് സഹായഹസ്തവുമായി ചാസിന്റെ പ്രാദേശിക യൂണിറ്റുകൾ മുന്നിട്ടുനിന്നു. ഭക്ഷ്യവസ്തുക്കൾ, മരുന്ന് പ്രതിരോധകിറ്റുകളുടെ വിതരണം, സാമ്പത്തിക സഹായം എന്നിവയ്ക്കാണ് മുൻഗണനന നൽകിയത്. ജൂൺ 15 വരെ നടത്തിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ***ഇടവക*** | ***ചികിത്സാ സഹായം*** | ***ഭക്ഷ്യ വസ്തുക്കൾ*** | ***പ്രതിരോധകിറ്റ്*** | ***സാമ്പത്തിക സഹായം*** |
|---|---|---|---|---|
| നെടുമണ്ണി | 2,000 | 5,000 | 0 | 3,000 |
| പനയമ്പാല | 0 | 9,750 | 0 | 0 |
| കൂത്രപ്പള്ളി | 0 | 5,000 | 10,000 | 5,000 |
| വള്ളംചിറ | 0 | 3,000 | 0 | 0 |
| കത്തീഡ്രൽ | 0 | 0 | 51,000 | 0 |
| പുഴവാത് | 0 | 0 | 15,000 | 0 |
| നസ്രത്ത് | 7,116 | 22,752 | 0 | 0 |
| ചേന്നങ്കരി | 0 | 0 | 7,500 | 0 |
| ചെറുവാണ്ടൂർ | 0 | 1,82,000 | 0 | 0 |
| വെട്ടിമുകൾ | 0 | 1,00,000 | 0 | 0 |
| ഇരവുചിറ | 10,000 | 0 | 0 | 0 |
| മാമ്മൂട് | 3,000 | 0 | 0 | 0 |
| പങ്ങട | 15,000 | 15,000 | 0 | 0 |
| മുട്ടാർ ഓൾഡ് | 13,000 | 0 | 0 | 0 |
| കുറിച്ചി | 0 | 0 | 0 | 30,000 |
| ആർപ്പൂക്കര | 0 | 40,000 | 0 | 0 |
| ആര്യങ്കാവ് | 0 | 0 | 0 | 21,000 |
| ആകെ | 50,116 | 3,82,502 | 83,500 | 59,000 |

## പരിസ്ഥിതി ദിനാചരണം

### * വൃക്ഷതൈ വിതരണം ചെയ്തു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തൊടികളിലും, പാതയോരത്തും, പൊതുസ്ഥലങ്ങളിലും, വെളിമ്പ്രദേശങ്ങളിലും നടാനുള്ള വൃക്ഷതൈകൾ ചാസിൽ നിന്ന് സൗജന്യമായി വിതരണം ചെയ്തു. പ്രാദേശിക യൂണിറ്റുകൾ, സ്വാശ്രയസംഘങ്ങൾ, ജനകീയപ്രസ്ഥാനങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് തൈകൾ വിതരണം ചെയ്തത്. കേരള സോഷ്യൽ ഫൊറസ്ട്രി ഡിപ്പാർട്ടുമെന്റ് സൗജന്യമായി നൽകിയ 5000 ത്തോളം വൃക്ഷതൈകളാണ് വിതരണം ചെയ്തത്.

### * കുട്ടികൾക്കായുള്ള ചിത്രരചനാ മത്സരം

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ചാസിന്റെ പ്രവർത്തനമേഖലയിലെ യുപി, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി 'കാൻസറും പരിസ്ഥിതിയും' എന്ന വിഷയത്തിൽ ചിത്രരചനാമത്സരം സംഘടിപ്പിച്ചു.

## ഫാർമർ പ്രൊഡ്യൂസർ കമ്പനി

കേന്ദ്രസംസ്ഥാന സർക്കാരുകൾ കർഷകക്ഷേമത്തിനായി നടപ്പിലാക്കുന്ന പുതിയ നിയമങ്ങളുടെ ഭാഗമായുള്ള ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ചാസ് കോട്ടയം ജില്ലയ്ക്കായി സമർപ്പിച്ചിരുന്ന അപേക്ഷ പരിഗണിച്ച് കൃഷിവകുപ്പിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചാസും കർഷകസംഘങ്ങളും അവരുടെ കൃഷിത്തോട്ടങ്ങളും സന്ദർശിച്ച് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. ശ്രീമതി അനീന സൂസൻ സ്കറിയ അസിസ്റ്റന്റ് ഡയറക്ടർ അഗ്രികൾച്ചർ ഓഫീസ് മാടപ്പള്ളി ബ്ലോക്ക്, ശ്രീ. ജേക്കബ് തോമസ് ഫീൽഡ് ഓഫീസർ ചങ്ങനാശ്ശേരി കൃഷിഭവൻ എന്നിവർ വിവരശേഖരണം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ കൃഷിവകുപ്പിൽ നിന്ന് എത്തിയ ഉദ്യോഗസ്ഥർക്ക് വേണ്ട വിശദീകരണങ്ങൾ നൽകി.

## യാത്രയയപ്പ് സമ്മേളനം

ചങ്ങനാശേരി അതിരൂപതയുടെ സാമൂഹ്യ സേവനവിഭാഗമായ ചാസിന്റെ ഡയറക്ടറായി ഏഴരവർഷക്കാലം സേവനം അനുഷ്ഠിച്ചശേഷം വെട്ടിമുകൾ സെന്റ് മേരീസ് ഇടവകയുടെ വികാരിയായി ചുമതലയേൽക്കുന്ന ഫാ. ജോസഫ് കളരിക്കലിന് ചാസിന്റെ നേതൃത്വത്തിൽ ജൂൺ 20 ന് വെബിനാറിലൂടെയും 21 ന് ചാസ് കേന്ദ്ര ഓഫീസിലും യാത്രയയപ്പ് സമ്മേളനം സംഘടിപ്പിച്ചു. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി. ചാസ് പ്രസിഡന്റും അതിരൂപതാ വികാരി ജനറാളുമായ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ അധ്യക്ഷതവഹിച്ചു. ചാസിന്റെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. തോമസ് കുളത്തുങ്കലിന് യോഗം ആശംസകൾ നേർന്നു. കൊടിക്കുന്നിൽ സുരേഷ് എംപി, ജോബ് മൈക്കിൾ എംഎൽഎ, നഗരസഭാ ചെയർപേഴ്സൺ സന്ധ്യാ മനോജ്, കേരള സോഷ്യൽ സർവ്വീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, ജസ്റ്റീസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ ജോയന്റ് സെക്രട്ടറി ഫാ. ജോർജ് വെട്ടിക്കാട്ടിൽ, ചാസ് അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. ജോർജ് മാന്തുരുത്തിൽ, ഫാ. ജോർജ് പനക്കേഴം, ചാസ് ഗവേണിംഗ് ബോഡിയംഗം ശ്രീ. ജോസഫ് കെ. നെല്ലുവേലി, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, ശ്രീമതി അൽഫോൻസ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. ഫാ. ജോസഫ് കളരിക്കൽ മറുപടി പ്രസംഗം നടത്തി.

## ചാസ് ഡയറക്ടറായി ഫാ. തോമസ് കുളത്തുങ്കൽ സ്ഥാനമേറ്റു

അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ചാസിന്റെ പുതിയ ഡയറക്ടറായി ജൂൺ 22 ന് ഫാ. തോമസ് കുളത്തുങ്കൽ ചുമതലയേറ്റു. ചാസ്, ഖാദി, കോപ്ടാക് സ്റ്റാഫ് അംഗങ്ങൾ നിയുക്ത ഡയറക്ടറിന് ആശംസകൾ നേർന്നു.

## അന്താരാഷ്ട്ര ലഹരി വിരുദ്ധവാരാചരണം തുടക്കമായി

കേന്ദ്രഗവൺമെന്റിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ ലഹരിക്കെതിരായ പ്രവർത്തനങ്ങളിൽ കേരളസംസ്ഥാനത്തിന്റെ കോ-ഓർഡിനേഷൻ ഏജൻസിയായ ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകി. എസ്.എൽ.സി.എ. യുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര

ലഹരി വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് നടത്തുന്ന, ഒരാഴ്ച (ജൂൺ 21 -26) നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ ബഹുമാനപ്പെട്ട സഹകരണ, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്താ മാർ ജോസഫ് പെരുന്തോട്ടം ആമുഖസന്ദേശം നൽകി. കേന്ദ്രഗവൺമെന്റിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം ജോയിന്റ്സെക്രട്ടറി ശ്രീമതി രാധിക ചക്രവർത്തി IAS വെബിനാറിൽ മുഖ്യസന്ദേശം നൽകി. ഡോ. റോയി കള്ളിവയലിൽ ലഹരി ദിനത്തിന്റെ പ്രത്യേകതയും ഈ വർഷത്തെ പഠന വിഷയമായ `Share the Facts on Drugs, Save Life' നെ കുറിച്ചും ക്ലാസ് നയിച്ചു. ചങ്ങനാശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ. ജോസഫ് കളരിക്കൽ സ്വാഗതവും എസ്.എൽ. സി.എ. കോ-ഓർഡിനേറ്റർ ഫാ. ജിജു വർഗ്ഗീസ് കുളത്തുങ്കൽ നന്ദിയും പറഞ്ഞു. ലഹരിമുക്തഭാരതം സൃഷ്ടിക്കാൻ എല്ലാവരുടെയും നിർലോപമായ സഹകരണം തേടുന്നതോടൊപ്പം ലഹരി സമൂഹത്തിൽ പ്രത്യേകിച്ച്, യുവജനങ്ങളുടെ ഇടയിൽ വരുത്തുന്ന സർവ്വനാശത്തെ സംബന്ധിച്ചും അതിലൂടെയുണ്ടാകുന്ന വിപത്തുകളെക്കുറിച്ചും സാധാരണജനങ്ങളെ പ്രത്യേകിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുക എന്നതാണ് ലഹരിവിരുദ്ധ വാരാചരണത്തിന്റെ ലക്ഷ്യം. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നായി 250 ൽപ്പരം അംഗങ്ങൾ സെമിനാറിൽ പങ്കാളികളായി.

*** MSW വിദ്യാർത്ഥികൾക്ക് zoom മീറ്റിംഗും സ്കൂൾ കുട്ടികൾക്കായി പ്രസംഗമത്സരവും സംഘടിപ്പിച്ചു**

അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തോടനുബന്ധിച്ച് ജൂൺ 22 ന് MSW വിദ്യാർത്ഥികൾക്ക് സോഷ്യൽ വർക്ക് 'പ്രാക്ടീസ് ഇൻ ഡി അഡിക്ഷൻ' എന്ന വിഷയത്തെ ആസ്പദമാക്കി മദ്യപാനികൾക്കായി അനുഭവം പങ്കുവയ്ക്കുന്ന zoom മീറ്റിംഗ് സംഘടിപ്പിച്ചു. കേരള സംസ്ഥാന ജല വിഭവശേഷി വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. 98 വിദ്യാർത്ഥികൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2 മണിക്ക് *'സ്കൂളും പരിസരവും ലഹരി വിമുക്തമാക്കാൻ എന്റെ ഇടപെടൽ'* എന്ന വിഷത്തിൽ സ്കൂൾ കുട്ടികൾക്കായി പ്രസംഗമത്സരം സംഘടിപ്പിച്ചു. 26 കുട്ടികൾ പങ്കെടുത്തു.

*** ലഹരിയിൽ നിന്നും മോചനം ലഭിച്ചവരുടെ zoom മീറ്റിംഗും വിവിധ IRCA കളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധദിന തീം അവതരണവും**

മദ്യചികിത്സയ്ക്കുശേഷം ലഹരി ഉപയോഗത്തിൽ നിന്നും മോചനം ലഭിച്ചവരുടെ zoom മീറ്റിംഗ് ജൂൺ 23 ന് രാവിലെ ശ്രീ. കൊടിക്കുന്നിൽ സുരേഷ് MP ഉദ്ഘാടനം ചെയ്തു. ലഹരി ഉപയോഗത്തിൽനിന്നും മുക്തിനേടിയ 61 അംഗങ്ങൾ തങ്ങളുടെ ജീവിതാനുഭവം പങ്കുവച്ചു. ഉച്ചകഴിഞ്ഞ് വിവിധ IRCA കളുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധദിന തീം അവതരണവും ഈ വർഷത്തെ പഠന വിഷയമായ *`Share the Facts on Drugs, Save Life'* എന്ന വിഷയത്തെ ആസ്പദമാക്കി പോസ്റ്റർ രചനാ മൽസരവും സംഘടിപ്പിച്ചു. വിവിധ IRCA കളിൽ നിന്നായി 55 പേർ പങ്കെടുത്തു.

*** യുവജനങ്ങൾക്കായി ക്വിസ് മത്സരവും കുട്ടികൾക്കായി ചിത്രരചനാ മത്സരവും**

ജൂൺ 24-ാം തീയതി രാവിലെ യുവജനങ്ങൾക്കായി *'മദ്യമയക്കുമരുന്നും*

*യുവജനങ്ങളും'* എന്ന വിഷയത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. NISD ഡയറക്ടർ ശ്രീ. വീരേന്ദ്ര മിശ്ര പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. 107 യുവജനങ്ങൾ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുട്ടികൾക്കായി *'ഞാൻ കണ്ടുമുട്ടിയ മദ്യപാനി'* എന്ന വിഷയത്തിൽ ചിത്രരചനാമത്സരം സംഘടിപ്പിച്ചു. 280 കുട്ടികൾ പങ്കെടുത്തു.

*** IRCA സ്റ്റാഫ് അംഗങ്ങൾക്ക് ക്വിസ് മത്സരവും പാർട്ട്ണേഴ്സ് മീറ്റും**

ജൂൺ 25-ാം തീയതി രാവിലെ IRCA സ്റ്റാഫ് അംഗങ്ങൾക്ക് `Drug and International day for Drug Abuse Including Illicit Trafficking' എന്ന വിഷയത്തിൽ ക്വിസ് മത്സരം സംഘടിപ്പിച്ചു. കേരള ഗവൺമെന്റ് സാമൂഹ്യനീതി വകുപ്പ് ജോയിന്റ് ഡയറക്ടർ ശ്രീമതി ജലജ എസ്. ഉദ്ഘാടനം നിർവഹിച്ചു. എസ്.എൽ.സി.എ. കോ-ഓർഡിനേറ്റർ ഫാ. ജിജു വർഗ്ഗീസ് കുളത്തുങ്കൽ സന്ദേശം നൽകി. കേരളത്തിലെ 24 IRCA കളിൽ നിന്ന് 90 പേർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് IRCA/ODIC/CPLI സെന്ററുകളിലെ സ്റ്റാഫ് അംഗങ്ങളുടെ മീറ്റിംഗ് നടത്തി. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎ സന്ദേശം നൽകി. ശ്രീമതി ഷീബാ ജോർജ്ജ് IAS വിശിഷ്ടാതിഥിയായിരുന്നു.

## ചാസ് സഹായ പദ്ധതികൾ

### (1) മ്യൂചൽ ബെനഫിറ്റ് സ്കീം (Rs. 1,20,000)

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 505. ജോസ് വർഗീസ്, ശ്രീമംഗലം | കൊടുപ്പുന്ന | എടത്വാ |
| 506. റോസമ്മ ജോസഫ്, പാറക്കുളം | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 507. ഗ്രേയ്സമ്മ ജോസഫ്, കോലേട്ട് | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 508. ലൂസിയാമ്മ ചാക്കോ, മണിമുറി | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 509. മത്തായി ദേവസ്യാ, കാട്ടടി | മിത്രക്കരി | പുളിംകുന്ന് |
| 510. സാലിമ്മ തോമസ് തേക്കേയറ്റത്ത് | തായങ്കരി | എടത്വാ |
| 511. കെ. കെ. എബ്രാഹാം കോട്ടപ്പുറം | കൂത്രപ്പള്ളി | നെടുംകുന്നം |
| 512. റോസമ്മ സെബാസ്റ്റ്യൻ പടിക്കുന്നേൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 513. തങ്കമ്മ ജോസഫ് തോട്ടുങ്കൽ | കൂത്രപ്പള്ളി | നെടുംകുന്നം |
| 514. പി.ഡി. ആന്റണി പുത്തൻപുരയ്ക്കൽ | ആറാട്ടുവഴി | ആലപ്പുഴ |
| 515. ആന്റണി സേവ്യർ മുപ്പതിൽചിറ | വെളിയനാട് | പുളിംകുന്ന് |
| 516. തോമസ് അഗസ്തി പാലമൂട് | കുറിച്ചി | തുരുത്തി |

### (2) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2021 ജൂൺ മാസം 12,000/- രൂപ അനുവദിച്ചു.

### (3) ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2021 ജൂൺ മാസം 2 കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 14,000/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | വർഗീസ് കെ.വി. കല്ലുകളം | തൃക്കൊടിത്താനം | 7,750/- |
| 2. | ജോസഫ് ലോബോ, തുണ്ടിപറമ്പിൽ | ഫാത്തിമാപുരം | 6,250/- |

## (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

(a) 2021 ജൂൺ മാസം 36 കുടുബങ്ങൾക്ക് 3,54,127/- രൂപ സഹായധനം അനുവദിച്ചു.

## മേഖലാവാർത്തകൾ

### ലോകപരിസ്ഥിതിദിനാചരണം

കൈനടി യൂണിറ്റിൽ പ്രവർത്തിക്കുന്ന 'വിക്ടറി' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ജൂൺ 5 ന് ലോകപരിസ്ഥിതിദിനാചരണം സംഘടിപ്പിച്ചു. റവ. മദർ സുപ്പീരിയർ സിസ്റ്റർ ലിൻസ പള്ളി അങ്കണത്തിൽ വൃക്ഷതൈനട്ട് ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് പാതയോരങ്ങളിലും വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചു.

കായൽപ്പുറം ചാസ് യൂണിറ്റിന്റെ പരിസ്ഥിതി ദിനാചരണം ജൂൺ 5 ന് വൃക്ഷതൈനട്ട് യൂണിറ്റ് ഡയറക്ടർ റവ. ഫാ. രാജീവ് പാലക്കശ്ശേരി നിർവഹിച്ചു. പ്രസിഡന്റ് ശ്രീ. ലാലിച്ചൻ മരിയാലയം, സെക്രട്ടറി ശ്രീ. ചെറിയാൻകുഞ്ഞ് മാമ്പൂതറ, റ്റോമിച്ചൻ പുളിയന്തറ എന്നിവർ നേതൃത്വം നൽകി.

### ക്ലിനിക്കൽ ലബോറട്ടറി ആരംഭിച്ചു

ഇത്തിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'നവജ്യോതി' പുരുഷ സ്വാശ്രയ സംഘത്തിന്റെ നേതൃത്വത്തിൽ ഇത്തിത്താനം ചാക്കരിമുക്ക് ജംഗ്ഷനിൽ 'നവജ്യോതി ക്ലിനിക്കൽ ലബോറട്ടറി' 2021 ജൂൺ 20 മുതൽ പ്രവർത്തനം ആരംഭിച്ചു. കുറിച്ചി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുജാത സുശീലൻ ഉദ്ഘാടനകർമ്മം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. വർഗീസ് കൈതപ്പറമ്പിൽ സന്ദേശം നൽകി. അത്യാധുനിക മെഷനറികളുടെയും കമ്പ്യൂട്ടറിന്റെയും സഹായത്തോടെ ലബോറട്ടറി പ്രവൃത്തിച്ചുവരുന്നു.